# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ജൂലൈ 14

# വാർത്താക്കുറിപ്പ്

## സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിക്കാം

2019 സെപ്തംബറിൽ നടന്ന ഒന്നാം വർഷ മാസ്റ്റർ ഓഫ് സയൻസ് മെഡിക്കൽ മൈക്രോബയോളജി (നോൺ സി.എസ്.എസ്.) റഗുലർ/സപ്ലിമെന്ററി പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് ജൂലൈ 21 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/726/2020)

## വെബിനാർ ജൂലൈ 21ന്

പ്ലസ്ടുവിനുശേഷം ഉപരിപഠനത്തിന് തയാറെടുക്കുന്ന വിദ്യാർഥികൾക്കായി മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഉപരിപഠന കോഴ്സുകളെക്കുറിച്ചും ജോലി സാധ്യതകളെക്കുറിച്ചും വെബിനാർ സംഘടിപ്പിക്കുന്നു. ജൂലൈ 21ന് വൈകീട്ട് മൂന്നിന് നടക്കുന്ന വെബിനാറിൽ പങ്കെടുക്കാൻ താല്പര്യമുള്ള വിദ്യാർഥികൾ ജൂലൈ 17ന് വൈകീട്ട് അഞ്ചിനകം 0481-2731025 എന്ന ഫോൺ നമ്പറിൽ രജിസ്റ്റർ ചെയ്യണം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 150 പേർക്കാണ് അവസരം ലഭിക്കുക.

(പി.ആർ.ഒ/39/727/2020)

## പരീക്ഷ കേന്ദ്രത്തിന് മാറ്റം

ജൂലൈ 15 മുതൽ പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിൽ നടത്താനിരുന്ന പരീക്ഷകൾ കോഴഞ്ചേരി സെന്റ് തോമസ് കോളേജിൽ നടക്കും. കാതോലിക്കേറ്റ് കോളേജ് പരീക്ഷകേന്ദ്രമായവർ കോഴഞ്ചേരി സെന്റ് തോമസ് കോളേജിൽ പരീക്ഷയെഴുതണം. കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിലാണ് തീരുമാനം.

(പി.ആർ.ഒ/39/728/2020)

## എം.ഫിൽ സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ (2019-20) എം.ഫിൽ പ്രോഗ്രാമിൽ എസ്.ടി. വിഭാഗത്തിൽ രണ്ട് സീറ്റൊഴിവുണ്ട്. എം.എഡ്. പ്രോഗ്രാമിന് 60 ശതമാനം മാർക്ക് നേടിയവർക്ക് അപേക്ഷിക്കാം. എസ്.ടി. വിഭാഗത്തിന്റെ അഭാവത്തിൽ എസ്.സി. വിഭാഗത്തെയും അവരുടെ അഭാവത്തിൽ ഒ.ഇ.സി. വിഭാഗത്തെയും പരിഗണിക്കും. വിദ്യാർഥികൾ ജൂലൈ 16ന് രാവിലെ 11ന് യോഗ്യത, ജാതി, മറ്റ് രേഖകൾ സഹിതം പഠനവകുപ്പിൽ എത്തണം. എസ്.സി./എസ്.ടി. വിഭാഗത്തിന് 400 രൂപയും ഒ.ഇ.സി. വിഭാഗത്തിന് 800 രൂപയുമാണ് ഫീസ്. കോഷൻ ഡിപ്പോസിറ്റായി 1420 രൂപ അടയ്ക്കണം. വിശദവിവരത്തിന് ഫോൺ: 0481-2731042.

(പി.ആർ.ഒ/39/729/2020)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ